**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2255** **09/03/2018-ൽ മറുപടിയ്ക്ക്**

**ആദിവാസി ക്ഷേമത്തിനായി അനുവദിക്കുന്ന തുക**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ<br>,, സി.മമ്മൂട്ടി<br>,, പാറക്കൽ അബ്ദുല്ല<br>,, ടി. വി. ഇബ്രാഹിം : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ആദിവാസി ക്ഷേമത്തിനായി അനുവദിക്കുന്ന തുക ഗുണഭോക്താക്കൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടോ എന്നു വിലയിരുത്താൻ പട്ടികവർഗ്ഗ വികസന വകുപ്പിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. വ്യക്തിഗത ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴിയാണ് നല്കിവരുന്നത്. |
| (ബി) | ഉദ്യോഗസ്ഥ തലത്തിലുള്ള വിലയിരുത്തലുകൾക്കൊപ്പം സോഷ്യൽ ഓഡിറ്റ് നടത്താൻ നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ പരിഗണനയിലില്ല. |
| (സി) | ആദിവാസികളുടെ വികസനത്തിനു നീക്കി വയ്ക്കുന്ന തുക അവർക്കു ലഭിച്ചു എന്നുറപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി സ്ഥലം എം.എൽ.എ.മാർ ഉൾപ്പെടുന്ന കമ്മിറ്റിയും, ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമേ സംസ്ഥാനതലത്തിൽ ബഹു. മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തി വരുന്നു.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി വാർഷിക പദ്ധതിയിൽ പട്ടികവർഗ്ഗക്കാർക്കായി വകയിരുത്തിയിരുന്ന ടി.എസ്.പി. ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നുണ്ടോയെന്ന് ജില്ലാ ആസൂത്രണസമിതി പരിശോധിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവ് (സാധാ) നം.1013/2012/പജപവവിവ തീയതി 17/07/2012 പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ, കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. |

സെക്ഷൻ ഓഫീസർ